# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7059** **16/07/2012 ൽ മറുപടിക്ക്**

## ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു തലംവരെയുള്ള സിലബസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ശശീന്ദ്രൻ:<br>,, തോമസ് ചാണ്ടി: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു തലംവരെ ഏതെല്ലാം സിലബസുകളിലാണ് വിദ്യാർത്ഥികൾക്ക് പഠനത്തിന് അവസരമൊരുക്കിയിട്ടുള്ളത് ; | എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നു മുതൽ പ്ലസ് ടു തലം വരെ വ്യത്യസ്ത സിലബസ്സുകൾ പഠിപ്പിച്ചു വരുന്നുണ്ട്. സ്കൂളിന് അംഗീകാരം നൽകുന്ന ബോർഡിനെ ആശ്രയിച്ച് ഇത് വ്യത്യാസപ്പെടുന്നു. സംസ്ഥാനത്തെ ഗവൺമെന്റ്, ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളും സ്റ്റേറ്റ് ഗവൺമെന്റിന്റെ അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളും എസ്.സി.ഇ.ആർ.ടിയുടെ സിലബസ്സും പാഠപുസ്തകങ്ങളുമാണ് പിന്തുടരുന്നത്. സി.ബി.എസ്.സി, ഐ.സി.എസ്.സി, ഐ.എസ്.സി തുടങ്ങിയ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകളുമുണ്ട്. അവിടങ്ങളിൽ അതാത് ബോർഡുകൾ നിശ്ചയിക്കുന്ന സിലബസ്സാണ് പിന്തുടരുന്നത്. ചില വിദേശ ഏജൻസികൾ സർട്ടിഫിക്കേഷൻ നടത്തുന്ന സ്കൂളുകളും കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. |
| ബി) പ്രസ്തുത സംവിധാനം ഒരേ സ്കൂളിൽതന്നെ നിലനിൽക്കുന്നതും അതുവഴി വിദ്യാർത്ഥികളിലും മാതാപിതാക്കളിലും ഉണ്ടാക്കിയിരിക്കുന്ന അസമത്വവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഉണ്ട് |
| സി) എങ്കിൽ ഇത്തരം വിവേചനം അവസാനിപ്പിയ്ക്കുന്നതിന് സമത്വസാമൂഹികസ്ഥിതി വളർത്തിയെടുക്കുന്നതിന് ഒരു ഏകീകൃത സിലബസ് സമ്പ്രദായം നടപ്പിലാക്കുന്നതിനും അത്തരമൊരു സംവിധാനം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ ? | സി) വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ